"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്ത കേരളം - സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകൾക്കുമുള്ള പൊതു മാർഗ്ഗ നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.966/2023/LSGD തീയതി,തിരുവനന്തപുരം, 03-05-2023

പരാമർശം:- 1. 8/03/2023, 10/03/2023, 13/03/2023 തീയതികളിലെ WP(C) 7844/2023 (s) നമ്പരായുള്ള ബഹു കേരള ഹൈക്കോടതിയുടെ ഉത്തരവ്.

2 15.03.2023 തീയതിയിലെ 619/2023/LSGD നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

നവകേരളം: വൃത്തിയുള്ള കേരളം, വലിച്ചെറിയൽമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടന്നുവരുന്ന ക്യാമ്പയിൻ ഊർജ്ജിതപ്പെടുത്തുന്നതിനും, 2016 ഖരമാലിന്യ പരിപാലനചട്ടങ്ങൾ സംസ്ഥാനമൊട്ടാകെ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ബഹു. കേരള ഹൈക്കോടതി നിർദ്ദേശ പ്രകാരം സൂചന (2) ലെ സർക്കാർ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്.മാലിന്യ സംസ്കരണം ഏതെങ്കിലും ഒരു വകുപ്പിന്റെ മാത്രം ചുമതല അല്ല.ഈ ആശയം പ്രാവർത്തികമാക്കാനും ഇപ്പോൾ കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധി നേരിടുന്നതിനുമായി കേരളസർക്കാരിന് കീഴിൽ വരുന്ന എല്ലാ വകുപ്പുകൾ/മിഷനുകൾ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ സർക്കാർസ്ഥാപനങ്ങൾക്കും ശാസ്ത്രീയമാലിന്യസംസ്കരണം നടപ്പിലാക്കുന്നതിനും മാലിന്യത്തിന്റെ തോത് കുറച്ചുകൊണ്ട് മാതൃകകൾ സൃഷ്ടിക്കുന്നതിനുമുള്ള ഉത്തരവാദിത്വമുണ്ട്. എല്ലാ വകുപ്പുകളും നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങളാണ് പൊതു നിർദ്ദേശമായി ചുവടെ പ്രതിപാദിക്കുന്നത് .

**പൊതുമാർഗ്ഗനിർദ്ദേശങ്ങൾ**

1. ശാസ്ത്രീയ മാലിന്യ പരിപാലനത്തിന് ഏറ്റവും അനുകരണീയ മാതൃക സൃഷ്ടിക്കുവാൻ കഴിയുന്ന വിഭാഗമാണ് സർക്കാർ സ്ഥാപനങ്ങളും, സർക്കാർ ജീവനക്കാരും. അതിൽ പ്രധാനം, ഓഫീസും പരിസരവും മാലിന്യമുക്തമാക്കി സൂക്ഷിക്കാൻ സാധിക്കണം എന്നതാണ്. ഓഫീസിന്റെ പൊതു ശുചിത്വം, ടോയിലറ്റുകളുടെ വൃത്തി എന്നിവ ഉറപ്പാക്കണം. അതോടൊപ്പം തന്നെ സൃഷ്ടിക്കപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുവാനും കഴിയണം.

2.എല്ലാ ഓഫീസുകളിലും മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. അതിനായി ജൈവ/അജൈവമാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിനായി ബിന്നുകൾ ഉണ്ടാകണം.

3.ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് കമ്പോസ്റ്റിംഗ് /bio methanation ഉപകരണങ്ങൾ എല്ലാ ഓഫീസുകളിലും സജ്ജമാക്കുകയും അതിന്റെ പ്രവർത്തനം അത് കൈകാര്യം ചെയ്യുന്ന ജീവനക്കാരെ പരിശീലിപ്പിക്കുകയും ചെയ്യണം.

4.എല്ലാ സർക്കാർ ഓഫീസുകളും 2023 മെയ് 15 ന് മുമ്പായി പൂർണ്ണമായും വൃത്തിയാക്കേണ്ടതാണ്.

5.അജൈവമാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് ഹരിതകർമ്മസേനയ്ക്ക് എല്ലാ ആഴ്ച/മാസം കൈമാറേണ്ടതാണ്. ഉപയോഗശൂന്യമായ ഫർണീച്ചർ, ഇ-മാലിന്യങ്ങൾ എന്നിവ അടിയന്തിരമായി കൈയൊഴിയാൻ നടപടി സ്വീകരിക്കണം.

6.ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പ്രകൃതി സൗഹാർദ്ദവസ്തുക്കൾ ഉപയോഗിക്കുമെന്നു ഉറപ്പാക്കണം.

7.നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും പ്രസ്തുത വിഷയത്തിലുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായി പാലിക്കുകയും ചെയ്യുക.

8.നിരോധിത ഫ്ലക്സുകൾക്ക് പകരം തുണിയിൽ നിർമ്മിച്ചതോ അല്ലെങ്കിൽ പോളി എഥിലീനിൽ നിർമ്മിച്ചതോ ആയ ബാനറുകൾ മാത്രം ഉപയോഗിക്കുക.

9.അലങ്കാരങ്ങൾക്കും,മറ്റും പ്രകൃതിസൗഹാർദ്ദവസ്തുക്കൾ മാത്രം ഉപയോഗിക്കേണ്ടതാണ്.

10.എല്ലാ ഓഫീസുകളിലും പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുവെന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്.

11.എല്ലാ ക്ലീനിംഗ് ജീവനക്കാർക്കും മാലിന്യം തരംതിരിക്കുന്നതിനും ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കുന്നതിനും ഹരിതചട്ടപാലനത്തിനുമായി ഖരമാലിന്യ പരിപാലന നിയമം 2016 ന്റെ അടിസ്ഥാനത്തിലുള്ള പരിശീലനം നൽകേണ്ടതാണ്.

12.ഔദ്യോഗിക പ്രവർത്തന റിവ്യൂ ഓരോതട്ടിലും നടത്തുന്നതിനുവേണ്ടി ഓഫീസുകൾ സന്ദർശിക്കുമ്പോൾ ഓഫീസിലെ മാലിന്യപരിപാലനവും പൊതുശുചിത്വവും പരിശാധിച്ച് അവസ്ഥ വിലയിരുത്തുകയും തെറ്റായ രീതി പിന്തുടരുന്നിടങ്ങളിൽ അനുയോജ്യമായ നടപടി സ്വീകരിക്കുകയും വേണം.

13. ഓഫീസ് ഇൻസ്പെക്ഷന് പോകുന്ന ഉദ്യോഗസ്ഥർ അതാത് ഓഫീസിലെ ശുചിത്വ-മാലിന്യ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കുന്നുണ്ടെന്ന് വിലയിരുത്തി മേലുദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

14.ശുചിത്വ-മാലിന്യ പ്രവർത്തനങ്ങൾ ഓഫീസിൽ ഏകോപിപ്പിക്കുന്നതിനുവേണ്ടി എല്ലാ ഓഫീസുകളിലും സ്ഥാപന/ഓഫീസ് മേധാവി ചെയർമാനായി ഒരു സമിതി രൂപീകരിക്കേണ്ടതും ഈ സമിതി എല്ലാ മാസവും മാലിന്യ പരിപാലനവും ശുചിത്വവും വിലയിരുത്തേണ്ടതുമാണ്.

15.ശുചിത്വ-മാലിന്യ സന്ദേശങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രത്യേക ബോർഡുകൾ എല്ലാ ഓഫീസുകളിലും സ്ഥാപിക്കേണ്ടതാണ്.

16.സ്ഥലസൗകര്യമുള്ള ഓഫീസുകളിൽ ജീവനക്കാരുടെ കൂട്ടായ്മയോടെ കമ്പോസ്റ്റ് / ബയോഗ്യാസ് സ്ലറി എന്നിവ ഉപയോഗിച്ച് ജൈവ പച്ചക്കറികൃഷി ചെയ്യാവുന്നതാണ്.

17.സർക്കാർ ജീവനക്കാർ എല്ലാവരും അവരവരുടെ വീടുകളിൽ മാലിന്യം

തരംതിരിക്കുന്നുണ്ടെന്നും ജൈവമാലിന്യം കമ്പോസ്റ്റ് ചെയ്യുന്നുണ്ടെന്നും, അജൈവമാലിന്യം ഹരിതകർമ്മസേനയ്ക്കോ തദ്ദേശസ്ഥാനം ഏർപ്പാട് ചെയ്തിട്ടുള്ള സർവ്വീസ് പ്രൊവൈഡർമാർക്കോ യൂസർ ഫീസ് നൽകി കൈമാറി മാതൃകയാക്കേണ്ടതാണ്. മാത്രമല്ല മാലിന്യം വലിച്ചെറിയുകയോ കത്തിക്കുകയോ, ഒഴുക്കി വിടുകയോ ചെയ്യുന്നില്ലായെന്നും സ്വയം ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ (Urban), LSGD, തിരുവനന്തപുരം
ഡയറക്ടർ (Rural), LSGD, തിരുവനന്തപുരം
എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ.
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

LSG GUIDE

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്